# പതിമൂന്നാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 697 — 02.12.2015 -ൽ മറുപടിക്ക്

## ആശാ വർക്കർമാർ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. അജിത് : | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) വൈക്കം നിയോജക മണ്ഡലത്തിൽ ആകെ എത്ര ആശാ വർക്കർമാരാണ് പ്രവർത്തിച്ചു വരുന്നതെന്നും ഇവരെ ഏതെല്ലാം ജോലികൾക്കാണ് നിയോഗിക്കുന്നതെന്നും വ്യക്തമാക്കുമോ ; | (എ) വൈക്കം നിയോജക മണ്ഡലത്തിൽ 189 ആശാ വർക്കർമാരാണ് പ്രവർത്തിച്ചു വരുന്നത്. ഇവരെ പ്രധാനമായും അമ്മയും കുഞ്ഞും പദ്ധതിയുടെ പ്രവർത്തനങ്ങൾക്കും, വാർഡ് ഹെൽത്ത് സാനിറ്റേഷൻ കമ്മിറ്റിയുടെ പ്രവർത്തനങ്ങൾക്കും, കുടുംബാസൂത്രണ പദ്ധതിയുടെ പ്രവർത്തനങ്ങൾക്കും ആരോഗ്യ മേഖലയുമായി ബന്ധപ്പെട്ടു വരുന്ന മറ്റ് പ്രവർത്തനങ്ങൾക്കുമാണ് നിയോഗിക്കുന്നത്. |
| (ബി) ആശാ വർക്കർമാർക്ക് ഇപ്പോൾ നൽകുന്ന വേതനം എത്ര ; വ്യക്തമാക്കുമോ ; | (ബി) (പട്ടിക താഴെ) |

| നം. | ഇനം | തുക (രൂപയിൽ) |
|---|---|---|
| 1. | ജെ.എസ്.വൈ. | 300x2 |
| 2. | ഇമ്മ്യൂണൈസേഷനു 1 കുട്ടിയെ ആശുപത്രിയിൽ എത്തിക്കുന്നതിനായുള്ള ഇൻസന്റീവ് | 20 |
| 3. | 1 വയസു വരെയുള്ള എല്ലാ കുത്തിവയ്പുകളും എടുപ്പിക്കുന്നതിന് | 100 |
| 4. | 2 വയസു വരെയുള്ള എല്ലാ കുത്തിവയ്പുകളും എടുപ്പിക്കുന്നതിന് | 50 |
| 5. | മാസാവലോകന മീറ്റിംഗുകളിൽ പങ്കെടുക്കുന്നതിന് | 100 |
| 6. | ഹോണറേറിയം | 1000 |
| 7. | വാർഡ്തല ആരോഗ്യപോഷണ ദിനാചരണം | 100 |
| 8. | വന്ധ്യംകരണം - സ്ത്രീകൾ പുരുഷൻമാർ | 150/200 |

മേൽ പ്രസ്താവിച്ചിരിക്കുന്ന തുക നൽകുന്നത് നാഷണൽ ഹെൽത്ത് മിഷന്റെ നിബന്ധനകൾക്ക് വിധേയമായിട്ടായിരിക്കും.

(....2)

| | |
|---|---|
| (സി) തദ്ദേശസ്വയംഭരണ സ്ഥാപന പരിധിയിൽ ആശാ വർക്കർമാരുടെ എണ്ണം നിശ്ചയിക്കുന്നതിനുള്ള മാനദണ്ഡം വ്യക്തമാക്കുമോ ? | (സി) തദ്ദേശസ്വയംഭരണ സ്ഥാപന പരിധിയിൽ ആശാവർക്കർമാരുടെ എണ്ണം നിശ്ചയിക്കുന്നതിനുള്ള മാനദണ്ഡം ജനസംഖ്യയാണ്. ഗ്രാമ പ്രദേശങ്ങളിൽ 1000 ജനസംഖ്യക്ക് 1 ആശാ വർക്കർ, നഗരപ്രദേശങ്ങളിൽ 1000-2500 ജനസംഖ്യയ്ക്ക് 1 ആശാവർക്കർ എന്ന തോതിലാണ് നിയമിക്കുന്നത്. |

സെക്ഷൻ ഓഫീസർ